REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 21-05-2026 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പതിനാറാം നിയമസഭയുടെ ആദ്യ സമ്മേളനത്തിന് ഇന്നു തുടക്കം. അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.**
- **അഞ്ച് രാജ്യങ്ങളിലെ ഔദ്യോഗിക സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി.**
- **മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ 36-ാം രക്തസാക്ഷിത്വ ദിനം രാജ്യം ഇന്ന് ഭീകര വിരുദ്ധ ദിനമായി ആചരിക്കുന്നു.**
- **സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ അച്ചടക്കവും സാമൂഹ്യ പ്രതിബദ്ധതയും രാജ്യത്തിന് മാതൃകയാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.**
- **ആഗോള തലത്തിൽ ഭീതി പരത്തുന്ന എബോള വൈറസിനെതിരായ വാക്സിൻ സജ്ജമാകാൻ ഒമ്പത് മാസം വരെ സമയമെടുത്തേക്കുമെന്ന് ലോകാരോഗ്യ സംഘടന.**
- **IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, മുംബൈ ഇന്ത്യൻസിനെ 4 വിക്കറ്റിന് പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

പതിനാറാം നിയമസഭയുടെ ആദ്യ സമ്മേളനത്തിന് ഇന്നു തുടക്കമാകും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയോടെയാണ് സമ്മേളനം ആരംഭിക്കുക.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.

............വോയ്സ്..........

അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കർ തെരഞ്ഞെടുപ്പുമാണ് സമ്മേളനത്തിന്റെ ആദ്യ രണ്ടു ദിവസങ്ങളിലെ കാര്യ പരിപാടികൾ. ഇന്നു രാവിലെ ഒൻപതു മണിക്ക് അംഗങ്ങളുടെ സത്യപ്രതിജ്ഞ ആരംഭിക്കും. ഇന്നലെ ഗവർണർക്കു മുന്നിൽ സത്യപ്രതിജ്ഞ ചെയ്ത പ്രോടേം സ്പീക്കർ ജി സുധാകരനായിരിക്കും മറ്റ് അംഗങ്ങളുടെ സത്യ പ്രതിജ്ഞ നടത്തുക.

നാളെ രാവിലെ ഒൻപതു മണിക്കാണ് സ്പീക്കർ തെരഞ്ഞെടുപ്പ്. മുൻമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണനായിരിക്കും യുഡിഎഫിന്റെ സ്പീക്കർ സ്ഥാനാർത്ഥി എന്ന് അറിയിച്ചിട്ടുണ്ട്. സ്പീക്കർ തെരഞ്ഞെടുപ്പിനു ശേഷം പിന്നീട് ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിനായി ഇരുപത്തി ഒൻപതാം തീയ്യതിയാവും സഭ ചേരുക.

ജൂൺ ഒന്ന്, രണ്ട്, മൂന്ന് തീയ്യതികളിൽ നയപ്രഖ്യാപനത്തിൻമേലുള്ള ചർച്ചയും തുടർന്നു വോട്ടെടുപ്പും നടക്കും.

✪✪✪

അഞ്ച് രാജ്യങ്ങളിലെ ഔദ്യോഗിക സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി. സന്ദർശനത്തിന്റെ അവസാന ഘട്ടത്തിൽ ഇറ്റലിയിലെത്തിയ പ്രധാനമന്ത്രി, ഇരുരാജ്യങ്ങളും തമ്മിലെ ബന്ധം, പ്രത്യേക തന്ത്രപ്രധാന പങ്കാളിത്തം എന്ന നിലയിലേക്ക് ഉയർത്തിയതായി പ്രഖ്യാപിച്ചു.

ഡെസ്ക് റിപ്പോർട്ട്

............വോയ്സ്.......

കാർഷിക മേഖല, നിർണായക ധാതുക്കൾ, ആയുർവേദം, ശാസ്ത്ര സാങ്കേതിക വിദ്യ എന്നിവയുൾപ്പെടെ വിവിധ മേഖലകളിൽ ഇന്ത്യയും ഇറ്റലിയും നിരവധി കരാറുകളിൽ ഒപ്പുവെച്ചു. ഇതോടൊപ്പം ഇന്ത്യൻ നഴ്സുമാർക്ക് ഇന്ത്യയിൽ നിന്ന് ഇറ്റലിയിലേക്ക് മാറുന്നതിന് നടപടികൾ എളുപ്പമാക്കുന്ന സുപ്രധാന കരാറും ഒപ്പുവെച്ചിട്ടുണ്ട്. സാമ്പത്തിക കുറ്റകൃത്യങ്ങൾ, കള്ളപ്പണം വെളുപ്പിക്കൽ, ഭീകരവാദ ഫണ്ടിംഗ് എന്നിവ തടയുന്നതിന് നിർണായക ധാരണാപത്രങ്ങളിലും ഇരുരാജ്യങ്ങളും ഒപ്പുവെച്ചു.

ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോനിയുമായി റോമിൽ നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ, ഡിസൈനിംഗിലും കൃത്യതയിലും ഇറ്റലി ലോകപ്രശസ്തമാണെന്നും വിപുലമായ ശേഷി, പ്രതിഭ, താങ്ങാനാവുന്ന നവീകരണങ്ങൾ എന്നിവയാണ് ഇന്ത്യയുടെ മുഖമുദ്രയെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. ഷിപ്പിംഗ്, തുറമുഖങ്ങളുടെ നവീകരണം,

ലോജിസ്റ്റിക്സ്, ബ്ലൂ ഇക്കോണമി എന്നിവയിൽ ഇരുരാജ്യങ്ങളും ഒന്നിച്ച് പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

നരേന്ദ്രമോദിയുടെ ആദ്യ ഉഭയകക്ഷി ഇറ്റലി സന്ദർശനമാണിത്.

✪✪✪

സാംസ്കാരിക കൈമാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഇരു പുരാതന നാഗരികതകൾ തമ്മിലെ ആശയവിനിമയം ശക്തമാക്കുന്നതിനുമായി 2027 ഇന്ത്യ-ഇറ്റലി സംസ്കാര, ടൂറിസം വർഷമായി ആഘോഷിക്കാൻ ഇരുരാജ്യങ്ങളും തീരുമാനിച്ചു.

പരസ്പര ധാരണ ആഴത്തിലാക്കാനും ഇരുരാജ്യങ്ങളും തമ്മിലെ സാംസ്കാരിക നയതന്ത്രം കൂടുതൽ ശക്തിപ്പെടുത്താനും ഈ സംരംഭം സഹായിക്കുമെന്ന് ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോനി പറഞ്ഞു.

✪✪✪

ഇന്ത്യ സുസ്ഥിരവും കാലാവസ്ഥയെ പ്രതിരോധിക്കുന്നതും ഭാവിക്ക് അനുയോജ്യമായതുമായ കാർഷിക ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇറ്റലിയിലെ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ അഗ്രിക്കോള മെഡൽ സ്വീകരിച്ചു സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. റോമിലെ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ FIO ഡയറക്ടർജനറൽ ക്യു ഡോങ്യു ആണ് മെഡൽ സമ്മാനിച്ചത്.

രാജ്യത്തെ ദശലക്ഷക്കണക്കിന് കർഷകർക്കും, കാർഷിക ശാസ്ത്രജ്ഞർക്കും, തൊഴിലാളികൾക്കും ബഹുമതി സമർപ്പിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. സാങ്കേതികവിദ്യ ഇന്ത്യൻ കൃഷിയുടെ ഒരു പ്രധാന ശക്തിയായി മാറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഭക്ഷ്യ-കാർഷിക സംഘടനയുടെ അഗ്രിക്കോള മെഡൽ നേടിയ പ്രധാനമന്ത്രി നരേന്ദ്ര മോദിയെ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ അഭിനന്ദിച്ചു. ദശലക്ഷക്കണക്കിന് ഇന്ത്യൻ കർഷകർക്കും കാർഷിക മേഖലയുമായി ബന്ധപ്പെട്ടവർക്കും ആദരമാണ് ബഹുമതിയെന്ന് അമിത്ഷാ ഒരുസാമൂഹ്യ മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

നീറ്റ് ചോദ്യപേപ്പർ ചോർച്ച കേസിലെ അഞ്ച് പ്രതികളെ ഡൽഹി കോടതി അടുത്ത മാസം 2 വരെ ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടു. മംഗിലാൽ ഖാതിക്, വികാസ് ബിവാൾ, ദിനേശ് ബിവാൾ, യാഷ് യാദവ്, ധനഞ്ജയ് ലോഖണ്ഡെ എന്നിവരെയാണ്  കസ്റ്റഡിയിൽ വിട്ടത്. മറ്റൊരു പ്രതി ശുഭം ഖൈർനാറിന്റെ CBI കസ്റ്റഡിയും കോടതി നീട്ടിയിട്ടുണ്ട്.

✪✪✪

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ 36-ാം രക്തസാക്ഷിത്വ ദിനം രാജ്യം ഇന്ന് ഭീകര വിരുദ്ധ ദിനമായി ആചരിക്കുന്നു. ഇന്ത്യയുടെ ആറാമത് പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി 1991 മെയ് 21 ന് തമിഴ്നാട്ടിലെ ശ്രീപെരുമ്പത്തൂരിൽ L.T.T.E തീവ്രവാദികൾ നടത്തിയ ചാവേർ ആക്രമണത്തിലാണ് രക്ഷതസാക്ഷിത്വം വരിച്ചത്.

ദിനാചരണത്തോടനുബന്ധിച്ച് രാജ്യത്തുടനീളം വിപുലമായ അനുസ്മരണ ചടങ്ങുകൾ നടക്കും. ന്യൂഡൽഹിയിലെ വീർ ഭൂമിയിൽ രാജീവ് ഗാന്ധിയുടെ സമാധിസ്ഥലത്ത് കോൺഗ്രസ് നേതാക്കളും പ്രമുഖ വ്യക്തികളും പുഷ്പാർച്ചന നടത്തും.

✪✪✪

മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി രക്തസാക്ഷിത്വ ദിനത്തോട് അനുബന്ധിച്ച് രാവിലെ കോഴിക്കോട് DCC ഓഫിസിൽ ഛായാചിത്രത്തിൽ പുഷ്പാർച്ചനയും അനുസ്മരണവും നടക്കും.

✪✪✪

സ്റ്റുഡന്റ് പോലീസ്  കേഡറ്റുകളുടെ അച്ചടക്കവും സമൂഹത്തോടുള്ള പ്രതിബദ്ധതയും രാജ്യത്തിന് മാതൃകയാണെന്ന്  ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു.  സ്റ്റുഡൻറ് പോലീസ് കേഡറ്റുകളുടെ  ഈ വർഷത്തെ സംസ്ഥാനതല  സഹവാസ ക്യാമ്പ് "ഐക്യ 2026" തിരുവനന്തപുരം വെങ്ങാനൂർ VPS മലങ്കര ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഗവർണർ. SPC ദേശീയ തലത്തിൽ നടപ്പാക്കേണ്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വിവിധ ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 939 കേഡറ്റുകളാണ് ആറു ദിവസത്തെ വാർഷിക റെസിഡൻഷ്യൽ ക്യാമ്പിൽ പങ്കെടുക്കുന്നത്.

ഈ മാസം 25 ന് പരേഡോടെ ക്യാമ്പ് സമാപിക്കും

✪✪✪

സംസ്ഥാനത്തെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ യോഗം അടുത്ത ശനിയാഴ്ച പൊലീസ് ആസ്ഥാനത്ത് ചേരും. മന്ത്രി  രമേശ് ചെന്നിത്തല യോഗത്തിൽ അധ്യക്ഷത വഹിക്കും.

✪✪✪

ആഗോള തലത്തിൽ ഭീതി പരത്തുന്ന എബോള വൈറസിന്റെ പുതിയ വകഭേദത്തിനെതിരായ വാക്സിൻ പൂർണ്ണ സജ്ജമാകാൻ ഒമ്പത് മാസം വരെ സമയമെടുത്തേക്കുമെന്ന് ലോകാരോഗ്യ സംഘടന അറിയിച്ചു. എബോളയുടെ 'ബുന്ദിബുഗ്യോ' എന്ന പ്രത്യേക വകഭേദത്തിനെതിരായ വാക്സിൻ കണ്ടെത്താൻ ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. നിലവിൽ ഈ വൈറസ് വകഭേദത്തിന് എതിരെ സാധ്യതാ പട്ടികയിലെ രണ്ട് വാക്സിനുകൾ വികസിപ്പിച്ചു വരികയാണെന്നും എന്നാൽ ഇവയൊന്നും ഇതുവരെ ക്ലിനിക്കൽ പരീക്ഷണങ്ങൾക്ക് വിധേയമാക്കിയിട്ടില്ലെന്നും ലോകാരോഗ്യ സംഘടനയുടെ ഉപദേശകനായ ഡോ വാസി മൂർത്തി അറിയിച്ചു.

അതേസമയം പുതിയ വകഭേദം പടരുന്ന പശ്ചാത്തലത്തിൽ ആഗോളതലത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. നിലവിൽ 600 ഓളം പേർക്ക് എബോള ബാധിച്ചതായി സംശയിക്കുന്നുണ്ടെന്നും 139 മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്നും ലോകാരോഗ്യ സംഘടനാ മേധാവി ഡോ. ടെഡ്രോസ് അഥാനോം ഗെബ്രിയേസസ് വ്യക്തമാക്കി.

✪✪✪

എറണാകുളം തടിയിട്ട് പറമ്പ്, പാരീയത്ത് കാവ് ഉന്നതിയിലെ ഏഴ് ദളിത് കുടുംബങ്ങളെ കുടിയൊഴിപ്പി ക്കാനുള്ള പോലീസ് നടപടി നിർത്തിവെക്കാൻ മന്ത്രി രമേശ് ചെന്നിത്തല ഡിജിപിക്ക് നിർദ്ദേശം നൽകി.

സുപ്രീം കോടതി വിധിപ്രകാരം  നടന്ന കുടിയൊഴുപ്പിക്കൽ സംഘർഷത്തിൽ കലാശിച്ചതിനെ തുടർന്നാണ് നടപടി നിർത്തി വെക്കാൻ മന്ത്രി നിർദേശം നൽകിയത്.

✪✪✪

കണ്ണൂർ സർവകലാശാലയുടെ ചരിത്രത്തിലാദ്യമായി വിദ്യാർത്ഥികൾക്ക് അപകട ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നു. 60 രൂപ പ്രീമിയം ഈടാക്കിയാണ് പദ്ധതി നടപ്പാക്കുന്നത്.

കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...

...........വോയ്സ്...........

കണ്ണൂർ കാസർഗോഡ് വയനാട് എന്നീ ജില്ലകളിലെ 2025 തൊട്ടുള്ള 17343 വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ അംഗമാകും. ഇതിൽ 70 ശതമാനത്തിൽ ഏറെ പെൺകുട്ടികളാണ്. 125 ഓളം കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഇതിന്റെ ഭാഗമാകും.

5 ലക്ഷം രൂപയുടെ പോളിസി നാഷണൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്നാണ് സർവ്വകലാശാല നടപ്പാക്കുന്നത്. പോളിസി രേഖകൾ നാളെ (22) രാവിലെ താവക്കരയിലെ യൂണിവേഴ്സിറ്റി ക്യാമ്പസിൽ നടക്കുന്ന ചടങ്ങിൽ കൈമാറും. വൈസ് ചാൻസലർ പ്രൊഫ: കെ. കെ. സാജു ഉത്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിനു ശേഷം പദ്ധതിയെക്കുറിച്ച് വിവിധ കോളേജുകളിലെ പ്രിൻസിപ്പൽ മാർക്കും ക്യാമ്പസ് ഡയറക്ടർമാർക്കുമായി വിശദീകരിക്കും..

✪✪✪

IPL ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് മുംബൈ ഇന്ത്യൻസിനെ 4 വിക്കറ്റിന് പരാജയപ്പെടുത്തി. കൊൽക്കത്ത ഈഡൻ ഗാർഡൻസിൽ മഴ തടസ്സപ്പെടുത്തിയ മത്സരത്തിൽ 148 റൺസ് വിജയലക്ഷ്യം പിന്തുടർന്ന കൊൽക്കത്ത 4 വിക്കറ്റ് ശേഷിക്കെ ലക്ഷ്യം മറികടന്നു. ആദ്യം ബാറ്റ് ചെയ്ത മുംബൈ ഇന്ത്യൻസ് നിശ്ചിത 20 ഓവറിൽ 8 വിക്കറ്റിന് 147 റൺസ് നേടി.

ഇന്ന് ഗുജറാത്ത് ടൈറ്റൻസ് ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും.അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്കാണ് മത്സരം.

✪✪✪

കേരള ക്രിക്കറ്റ് അസോസിയേഷൻ അന്തർ ജില്ലാ അണ്ടർ 19 വനിതാ ക്രിക്കറ്റ് ടൂർണ്ണമെന്റിൽ മധ്യമേഖലാ മത്സരങ്ങളിൽ പാലക്കാടും തൃശൂരും ജേതാക്കളായി. തെക്കൻ മേഖലാ മത്സരങ്ങളിൽ ആലപ്പുഴയും തിരുവനന്തപുരവും, വടക്കൻ മേഖലയിൽ വയനാടും മലപ്പുറവും വിജയിച്ചു.

✪✪✪

കേരള കളരിപ്പയറ്റ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 68-ാമത് തിരുവനന്തപുരം ജില്ലാ കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ മെയ് 23ന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിലെ ബാസ്ക്കറ്റ്ബോൾ കോർട്ടിൽ ആരംഭിക്കും. കളരിപ്പയറ്റിലെ മെയ്പ്പയറ്റ് മുതൽ അങ്കത്താരി വരെയുള്ള 13 ഇനങ്ങളിലാണ് മത്സരങ്ങൾ.

✪✪✪

കണ്ണൂർ  മാടായി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിനെ കയ്യേറ്റം ചെയ്തുവെന്ന പരാതിയിൽ 25 പേർക്കെതിരെ പഴയങ്ങാടി പോലീസ് കേസെടുത്തു. പഞ്ചായത്തിലെ മാലിന്യ സംഭരണകേന്ദ്രത്തിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം നീക്കാത്തതിൽ പ്രതിഷേധിച്ച് ഇന്നലെ DYFI നടത്തിയ മാർച്ചിനിടെ  പ്രസിഡന്റ് B. സത്യഭാമയുടെ ചേംബറിൽ തള്ളിക്കയറിയവർ  കൈയേറ്റം ചെയ്തതായാണ് പരാതി. പ്രസിഡണ്ട്   താലൂക്ക് ആശുപത്രിയിൽ ചികിത്സ തേടി.

✪✪✪

വിദ്യാർഥികളുടെ സുരക്ഷിത യാത്ര ഉറപ്പാക്കുന്നതിന്റെ ഭാഗമായി മോട്ടോർ വാഹന വകുപ്പ് മലപ്പുറം ജില്ലയിലെ സ്കൂൾ ബസുകളുടെ സുരക്ഷാ പരിശോധന തുടങ്ങി. യാന്ത്രിക ക്ഷമത, സുരക്ഷാസംവിധാനം, ബ്രേക്ക് സംവിധാനം, തീ കെടുത്താനുള്ള സൗകര്യം, സീറ്റിങ്, GPS, വേഗനിയന്ത്രണ സംവിധാനം തുടങ്ങിയവയെല്ലാം പരിശോധിക്കും.  പരിശോധന ദിവസങ്ങളിൽ ബസ് ഡ്രൈവർമാർക്കും അറ്റൻഡർമാർക്കും റോഡ് സുരക്ഷാ പരിശീലനവുമുണ്ടാകും. ജീവനക്കാർ പരിശീലന ക്ലാസിൽ പങ്കെടുക്കുന്നുണ്ടെന്ന് എല്ലാ സ്കൂൾ അധികൃതരും ഉറപ്പുവരുത്തേണ്ടതാണെന്ന് RTO അറിയിച്ചു.

✪✪✪

കാലവർഷത്തെ നേരിടാൻ എറണാകുളം ജില്ല പൂർണ്ണ സജ്ജമാണെന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ കൂടിയായ കളക്ടർ G. പ്രിയങ്ക അറിയിച്ചു. DDMA അവലോകന യോഗത്തിലാണ് കലക്ടർ ഇക്കാര്യം അറിയിച്ചത്. ജില്ലയിലെ  ഉരുൾപൊട്ടൽ  സാധ്യത പ്രദേശങ്ങളായ വെങ്ങോല, അയ്യമ്പുഴ, കുട്ടമ്പുഴ തുടങ്ങിയ മേഖലകളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, വില്ലേജ് ഓഫീസർമാർ, താലൂക്ക് ഓഫീസർമാർ, പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവരുടെ അടിയന്തര യോഗം തിങ്കളാഴ്ച ചേരുമെന്നും കളക്ടർ പറഞ്ഞു.

✪✪✪

*News Editor പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: അബ്ദുൾ കബീർ*
*DEO: സി കെ സുബോധ്*